**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** **09-02-2023 - ൽ മറുപടിയ്ക്ക്**

**പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്ക് എതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) | **പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ സംസ്ഥാനത്ത് 835 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കേസ്സുകൾ ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഐ.പി.സി 143, 147, 149, 188, 283 മുതലായ വകുപ്പുകൾ **അനുസരിച്ചാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.** |
| (സി) | ഇവയിൽ എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്നും ഇനി എത്ര കേസ്സുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ; എങ്കിൽ നിലവിലുള്ള കേസ്സുകൾ പിൻവലിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26.02.2021 ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. സി.ആർ.പി.സി. 321 പ്രകാരം കേസുകൾ പിൻവലിക്കുന്നതിനായി 59 കേസുകളിൽ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികൾ ആണ്.<br><br>സമാനസ്വഭാവമുള്ള പൗരത്വസമരവുമായി ബന്ധപ്പെട്ട മറ്റുകേസുകളും പിൻവലിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | സമാന സ്വാഭാവമുള്ള മറ്റ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26.02.2021 ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. സി.ആർ.പി.സി. 321 പ്രകാരം കേസുകൾ പിൻവലിക്കുന്നതിനായി 59 കേസുകളിൽ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികൾ ആണ്. |

| | | | |
|---|---|---|---|
| | | | സമാനസ്വഭാവമുള്ള പൗരത്വസമരവുമായി ബന്ധപ്പെട്ട മറ്റുകേസുകളും പിൻവലിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ